# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4030 – 12/11/2019 - ലെ മറുപടിക്ക്

### വിഭവ സമാഹരണത്തിന് അനുസൃതമല്ലാതെ പദ്ധതി

**ചോദ്യം** | **ഉത്തരം**

**ശ്രീ.എം.ഉമ്മർ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിഭവ സമാഹരണത്തിന് അനുസൃതമല്ലാതെ പദ്ധതി വിഭാവനം ചെയ്യുന്നതായുള്ള ആക്ഷേപങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സംസ്ഥാന വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ആ സാമ്പത്തിക വർഷത്തെ കടമെടുക്കൽ ഉൾപ്പെടെയുള്ള വിഭവ ലഭ്യത എസ്റ്റിമേറ്റ് ചെയ്യുന്നതിന് ശേഷമാണ് പദ്ധതി അടങ്കൽ തുക തീരുമാനിക്കുന്നത്. ഇതിനു ശേഷം ഓരോ വകുപ്പിന്റെയും പദ്ധതി വിഹിതം അംഗീകരിച്ച് ബജറ്റിലൂടെ നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ടി വകുപ്പുകൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതിക്കനുസരിച്ചോ, പൂർത്തിയായതിനു ശേഷമോ ആണ് അടങ്കൽ തുക അനുവദിച്ച് നൽകുന്നത്. ഈ സമയങ്ങളിൽ വിഭവ ലഭ്യതക്കനുസരിച്ച് ബില്ലുകൾ പാസ്സാക്കി നല്കാറുണ്ട്. ഫണ്ട് ലഭ്യതയിൽ കുറവ് വരുന്ന പക്ഷം വെയ്സ് & മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. ഫണ്ട് ലഭ്യതക്കനുസരിച്ച് ഈ നിയന്ത്രണങ്ങളിൽ ഇളവ് നൽകി പരമാവധി പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കാറുണ്ട്. ഫണ്ടിന്റെ വിഹിതം ഓരോ വകുപ്പിനും അനുവദിക്കുന്നതിനായി പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | വിവിധ വകുപ്പുകൾക്ക് പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ട് നൽകുന്നതിന് സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | |
| (സി) | വകുപ്പുകൾ ആവശ്യപ്പെടുന്ന തുക പൂർണ്ണമായും നൽകാൻ കഴിയാത്തതിനാൽ ഫണ്ടിന്റെ വിഹിതം ഓരോ വകുപ്പിനും അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**